"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തരവകുപ്പ് - ജയിലുകൾ - ജയിൽ വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർ മരണമടയുമ്പോൾ ഫ്യൂണറൽ പരേഡ് നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(കൈ) നം.65/2025/HOME തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-

1. കേരള ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറി മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച 21/08/2024-ലെ നിവേദനം ( G3240802171 )
2. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 06/09/2024, 25/01/2025 തീയതികളിലെ ഇ7-2596/2024/പി.ആർ.എച്ച്.ക്യൂ നമ്പർ കത്ത്.
3. സംസ്ഥാന പോലീസ് മേധാവിയുടെ 04/11/2024-ലെ സി6-182370/2024/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജയിൽ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർ മരണമടയുമ്പോൾ ഫ്യൂണറൽ പരേഡ് നടത്തുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് കേരള ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറി പരാമർശം (1) പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി. ജയിൽ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർ മരണമടയുമ്പോൾ ഫ്യൂണറൽ പരേഡ് നടത്തുന്നത് നിലവിലുള്ള ജീവനക്കാരുടെ സാമൂഹികഅംഗീകാരവും, ആത്മാഭിമാനവും വർദ്ധിപ്പിക്കുന്നതിനു സഹായകരമാകുമെന്നും ആയതിനാൽ ജയിൽ വകുപ്പിൽ നിന്നും വിരമിച്ചവരുൾപ്പെടെയുള്ള സേന വിഭാഗത്തിലെ ഉദ്യോഗസ്ഥർ മരണമടയുമ്പോൾ ശവസംസ്കാര ചടങ്ങിൽ നിലവിലുള്ള ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി ഫ്യൂണറൽ പരേഡ് നടത്തുന്നതിന് അനുമതി നല്കണമെന്നും പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ജയിൽ വകുപ്പിൽ നിന്നും വിരമിച്ചവരുൾപ്പെടെയുള്ള എക്സിക്യൂട്ടീവ് വിഭാഗം ഉദ്യോഗസ്ഥർ മരണമടയുമ്പോൾ ശവസംസ്കാര ചടങ്ങിൽ നിലവിലുള്ള ജീവനക്കാരുടെ മാത്രം സേവനം ഉപയോഗപ്പെടുത്തി സർക്കാരിന് ഒരുതരത്തിലുള്ള അധികസാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത വിധത്തിൽ ചുവടെ പറയുന്ന വ്യവസ്ഥകൾ പ്രകാരം ഫ്യൂണറൽ പരേഡ് നടത്താൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

(1) സേവനത്തിലിരിക്കെ മരണപ്പെടുന്ന ജയിൽ ഉദ്യോഗസ്ഥർക്ക് "Volley Of Fire" സഹിതവും, വിരമിച്ച ജയിൽ ഉദ്യോഗസ്ഥർ മരണമടയുമ്പോൾ "Volley Of Fire" ഇല്ലാതെയും പരേഡ്

നടത്താവുന്നതാണ്.

(2) ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസിന്റെ പേരിൽ പരേഡ് കമാണ്ടർ റീത്ത് അർപ്പിക്കേണ്ടതാണ്.

(3) ഡി. ഐ. ജി. റാങ്കിലെ ഉദ്യോഗസ്ഥർക്ക് അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് -1 തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരേഡ് കമാണ്ടർ ആയിരിക്കേണ്ടതും, കുറഞ്ഞത് പന്ത്രണ്ട് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ/ ഡെപ്യൂട്ടി പ്രിസൺ ഓഫിസർ തസ്തികയിലുള്ള ഉദ്യോഗസ്ഥർ പരേഡ് അംഗങ്ങളായി ഉണ്ടാവേണ്ടതുമാണ്.

(4) സെൻട്രൽ പ്രിസൺ/ഓപ്പൺ പ്രിസൺ/അതീവ സുരക്ഷാ ജയിൽ സൂപ്രണ്ട് റാങ്കിലെ ഉദ്യോഗസ്ഥർക്ക് അസിസ്റ്റന്റ് സൂപ്പണ്ട് ഗ്രേഡ് -1/ഗ്രേഡ് 2 തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരേഡ് കമാണ്ടർ ആയിരിക്കേണ്ടതും, കുറഞ്ഞത് പത്ത് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ/ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥർ പരേഡ് അംഗങ്ങളായി ഉണ്ടാവേണ്ടതുമാണ്.

(5) ജോയിന്റ് സൂപ്രണ്ട് റാങ്കിലെ ഉദ്യോഗസ്ഥർക്ക് അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് -1/ ഗ്രേഡ് - 2 തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരേഡ് കമാണ്ടർ ആയിരിക്കേണ്ടതും, കുറഞ്ഞത് എട്ട് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ/ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥർ പരേഡ് അംഗങ്ങളായി ഉണ്ടാവേണ്ടതുമാണ്.

(6) ഡെപ്യൂട്ടി സൂപ്രണ്ട് റാങ്കിലെ ഉദ്യോഗസ്ഥർക്ക് അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1/ഗ്രേഡ്- 2 തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരേഡ് കമാണ്ടർ ആയിരിക്കേണ്ടതും, കുറഞ്ഞത് ആറ് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ/ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥർ പരേഡ് അംഗങ്ങളായി ഉണ്ടാവേണ്ടതുമാണ്.

(7) അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് - 1 മുതലുള്ള സബോർഡിനേറ്റ് സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് - 1/ ഗ്രേഡ് - 2 തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരേഡ് കമാണ്ടർ ആയിരിക്കേണ്ടതും, കുറഞ്ഞത് 4 അസിസ്റ്റന്റ് പ്രിസൺ ഓഫീസർ/ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥർ പരേഡ് അംഗങ്ങളായി ഉണ്ടാവേണ്ടതുമാണ്.

(8) ഓരോ മേഖലയിലെ ഫ്യൂണറൽ പരേഡ് നടത്തുന്നതിനുള്ള ചുമതല സെൻട്രൽ ജയിൽ സ്ഥിതി ചെയ്യുന്ന ജില്ലകളിൽ സെൻട്രൽ ജയിൽ സൂപ്രണ്ടും മറ്റ് ജില്ലകളിൽ ജില്ലാ ജയിൽ സൂപ്രണ്ടും നിർവഹിക്കേണ്ടതാണ്.

(9) ഉദ്യോഗസ്ഥന്റെ മരണം ആത്മഹത്യ മൂലമാണെങ്കിൽ ഫ്യൂണറൽ പരേഡ് നടത്തേണ്ടതില്ല

(10) വകുപ്പിന്റെ സൽപേരിന് കളങ്കം ഉണ്ടാക്കുന്ന സംഭവത്തിലോ സാഹചര്യത്തിലോ മരണപ്പെട്ട ഉദ്യോഗസ്ഥന്റെ മരണാനന്തരചടങ്ങുകളിൽ ഫ്യൂണറൽ പരേഡ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന് തീരുമാനം എടുക്കാവുന്നതാണ്.

(11) ഫ്യൂണറൽ പരേഡിലെ അംഗബലം ഒഴിച്ച് നടപടിക്രമങ്ങൾ പോലീസ് വകുപ്പിലെ ഫ്യൂണറൽ പരേഡിന്റെ നടപടിക്രമങ്ങൾക്ക് സമാനമായി നടത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം , തിരുവനന്തപുരം

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ), കേരള, തിരുവനന്തപുരം.
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും ( ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Jijimon R
Date: 26-03-2025 15:41:18

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്